സ്കൂളിൽ അഡ്മിഷൻ നേടുന്നവർക്ക് പ്രായപരിധി കൂടാതെ റഗുലർ ഹയർ സെക്കന്ററി വിദ്യാർത്ഥികളോടൊപ്പം പരീക്ഷയെഴുതി ഹയർസെന്ററി ബോർഡിന്റെ സർട്ടിഫിക്കറ്റ് നേടുന്നതിനും, തുടർ പഠനം നടത്തുന്നതിനും അവസരം ലഭിക്കുന്നതാണ്.

(എഫ്) സംസ്ഥാനത്ത് ഓപ്പൺ സ്കൂൾ ഒന്നേയുള്ളു ജില്ലാതല ത്തിൽ 22 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓപ്പൺ സ്കൂളിന്റെ സ്റ്റഡിസെന്ററുകൾ പ്രവർത്തിക്കുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(ജി) ഉണ്ട്. പഠന സഹായികളുടെ നിർമ്മാണം, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, അദ്ധ്യാപകപരിശീലനം ഇവയ്ക്കാവശ്യമായ സാമ്പത്തിക സഹായവും വിദഗ്ദോപദേശവും നൽകുന്നുണ്ട്. കൂടാതെ ഇലക്ട്രോണിക് ഓഫീസ് ഉപകരണങ്ങളും ലഭ്യമാകും.

LIBRARY ARCHIVES Kerala Legislative Assembly

17 (*107) ഭവന നിർമ്മാണ രംഗത്ത് പുതിയ പദ്ധതികൾ

ശ്രീ. എം.പി. വർഗീസ് :
ശ്രീ. പി. രാഘവൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മാരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ രംഗത്ത് ഏതെല്ലാം പുതിയ പദ്ധതികൾ ആണ് ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടു ത്തുമോ;

(സി) ഇവ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേ ശിക്കുന്നത്;

(ഡി) സുവർണ്ണ ജയന്തി ഗ്രാമീണ ഭവന പദ്ധതി എന്ന പദ്ധതി സംസ്ഥാനത്ത് എന്നാണ് ആരംഭിച്ചത്. ഇതിനകം ഈ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഇ) മൈത്രി ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്; എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യം ഇട്ടിരിക്കുന്നത്;

(എഫ്) മൈത്രീഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടു ത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 2002-ൽ എല്ലാവർക്കും പാർപ്പിടം എന്ന ആശയം സാക്ഷാൽക്ക രിക്കുന്നതിനുവേണ്ടി താഴെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

---

† അനുബന്ധം ii

1. ദുർബല വിഭാഗക്കാർക്ക് മൈത്രീ ഭവനപദ്ധതി (ഹൗസിംഗ് ബോർഡ് വഴി)
2. താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന പദ്ധതി — വിവിധ
3. ഇടത്തരം വരുമാനകാർക്ക് വായ്പാ പദ്ധതി — ഏജൻസികൾ
4. ഉയർന്ന വരുമാനകാർക്ക് വായ്പാ പദ്ധതി
5. പൊതു ഭവന നിർമ്മാണ പദ്ധതി (ഹൗസിംഗ് ബോർഡ് വഴി)
6. പട്ടികജാതി-പട്ടികവർഗ്ഗകാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
7. മത്സ്യത്തൊഴിലാളികുടുംബങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി (വിവിധ ഏജൻസികൾ)
8. ഭവന പുനരുദ്ധാരണ - അറ്റകുറ്റപുതുക്കിപണിയൽ പദ്ധതി (വിവിധ ഏജൻസികൾ)
9. കുടുംബശ്രീ പദ്ധതി.

(ബി) ഇപ്പോൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[†]

(സി) ഇവ ഓരോന്നും 2002-മാണ്ടോടെ പൂർത്തീകരിക്കുവാനുദ്ദേശിക്കുന്നു. പൊതു ഭവന നിർമ്മാണ പദ്ധതികൾ, വിവിധ വരുമാനക്കാർക്കുള്ള ഭവനവായ്പപദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവ തുടർ പദ്ധതികളാണ്.

(ഡി) ഒൻപതാം പഞ്ചവൽസരപദ്ധതിയുടെ അവസാനത്തോടെ ഭവനരഹിതരായ എല്ലാ പട്ടികജാതിക്കാർക്കും വീടുനിർമ്മിച്ചു നൽകുക എന്ന ഉദ്ദേശത്തോടെ 1998-99 മുതൽ പട്ടികജാതി വികസന വകുപ്പും ഭവന നിർമ്മാണ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിപ്രകാരം ഇതേവരെ 3468 പേർക്ക് പട്ടികജാതി വികസനവകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്. ഭവനനിർമ്മാണ ബോർഡും പട്ടികവികസന വകുപ്പും ചേർന്ന് സുവർണ്ണ ജൂബിലി മൈത്രി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഇതേവരെ 3468 പേർക്ക് പട്ടികജാതി വികസനവകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് 3171 പേർക്ക് വായ്പാനുമതി നൽകിയിട്ടുണ്ട്.

(ഇ) മൈത്രീ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് 31.1.2000 വരെ 143250 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 23750 വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്. പ്രതിവർഷം ഒരു ലക്ഷം വീടുകൾ വീതം നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(എഫ്) ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് മൈത്രീ ഭവന പദ്ധതിയിലെ ഓരോ ഗുണഭോക്താവിനെയും ഓരോ വീടിനെയും ഗുണഭോക്താവിന്റെ അപകടമരണത്തിനെതിരെ/വീടിന്റെ നാശനഷ്ടങ്ങൾക്കെതിരെ മൊത്തം 50000 രൂപ കവറേജ് വരുന്ന ഇൻഷ്വറൻസ് പദ്ധതി 15 വർഷക്കാലത്തേക്ക് ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്.

[†] അനുബന്ധം-iii.

1116/2010.

LIBRARY ARCHIVES Kerala Legislative Assembly

11.	ഗവ. എച്ച്.എസ്.എസ്., പാല	കോട്ടയം
12.	ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്., കാലിക്കറ്റ്	കോഴിക്കോട്
13.	ഗവ. ഗേൾസ് എച്ച്.എസ്.എസ്.,കൊയിലാണ്ടി	കോഴിക്കോട്
14.	ഗവ. എച്ച്.എസ്.എസ്., പെരിന്തൽമണ്ണ	മലപ്പുറം
15.	എ.എം.ജി.എച്ച്.എസ്.എസ്., പാലക്കാട്	പാലക്കാട്
16.	ഗവ. എച്ച്.എസ്.എസ്. വാടാനാകുറിശ്ശി ഷൊർണ്ണൂർ	പാലക്കാട്
17.	ഗവ. എച്ച്.എസ്.എസ്., അടൂർ	പത്തനംതിട്ട
18.	എസ്.എം.വി.എച്ച്.എസ്.എസ്.,തിരുവനന്തപുരം	തിരുവനന്തപുരം
19.	ഗവ. ബോയ്സ് എച്ച്.എസ്.എസ്., നെയ്യാറ്റിൻകര	തിരുവനന്തപുരം
20.	ഗവ. മോഡൽ എച്ച്.എസ്.എസ്., തൃശൂർ	തൃശൂർ
21.	ശ്രീ കൃഷ്ണ എച്ച്.എസ്.എസ്. ഗുരുവായൂർ	തൃശൂർ
22.	ഗവ. എച്ച്.എസ്.എസ്. മീനങ്ങാടി	വയനാട്

അനുബന്ധം III

24.2.2000 ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 17 (*107) ദയവായി കാണുക.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ ഏറ്റെടുത്തു വരുന്ന വായ്പാ-നിർമ്മാണ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സ്വന്തമായി വീടില്ലാത്തവർക്ക് വീടോ, ഫ്ളാറ്റോ, വികസിത പ്ലോട്ടോ നിർമ്മിച്ചു നൽകുന്ന പൊതു ഭവനനിർമ്മാണ പദ്ധതി.
2. ദുർബല വിഭാഗക്കാർക്കുള്ള ഹൗസിംഗ് കോംപ്ലക്സ് പദ്ധതി.
3. സർക്കാർ ജീവനക്കാർക്കു വേണ്ടിയുള്ള വാടക വീടു പദ്ധതി.
4. പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
5. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി.
6. മോഡൽ വില്ലേജ്.
7. ദുർബല വിഭാഗക്കാർക്കുള്ള മൈത്രി ഭവന പദ്ധതി.
8. മൈത്രി നിക്ഷേപ പദ്ധതി.
9. സുവർണ്ണ ജൂബിലി മൈത്രി പദ്ധതി (പട്ടികജാതി/പട്ടികവർഗ്ഗം).
10. നിലവിലുള്ള വീടിന്റെ ഭിത്തികൾ തരപ്പെടുത്തുന്നതിനും മേൽക്കൂര മാറ്റുന്നതിനുമുള്ള പദ്ധതി.
11. സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള ഭവന പദ്ധതി.
12. താഴ്ന്ന-ഇടത്തരം-ഉയർന്ന വരുമാനക്കാർക്കുള്ള ഭവന വായ്പാ പദ്ധതി.
13. എം.എൽ.എ./എം.പി. മാർക്കുള്ള ഭവന വായ്പാ പദ്ധതി.
14. ജൂബിലി പദ്ധതി.
15. സമ്പൂർണ്ണപാർപ്പിട പദ്ധതി.
16. താഴ്ന്ന-ഇടത്തരം-ഉയർന്ന വരുമാന വിഭാഗക്കാർക്ക് നിലവിലുള്ള വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾക്കുമുള്ള വായ്പാ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമെ അടിസ്ഥാന സൗകര്യ-വികസന പദ്ധതികളിലായി റവന്യൂ-ടവർ കമേഴ്സ്യൽ കം ഓഫീസ് കോംപ്ലക്സുകൾ, ഡെപ്പോസിറ്റു പദ്ധതികൾ എന്നിവയും ബോർഡ് നടപ്പാക്കിവരുന്നു.

അനുബന്ധം IV

24.2.2000 ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 23 (*113) ദയവായി കാണുക.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് വഴി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷ്വറൻസ്.
2. അപകട ചികിത്സാ ധനസഹായം.
3. മത്സ്യബന്ധന സമയത്തോ, തൊട്ട് പിന്നാലെയോ അപകടം കൊണ്ടല്ലാതെ മരണമടയുന്നവരുടെ ആശ്രിതർക്ക് ധനസഹായം.
4. വിവാഹ ധനസഹായം.
5. വാർദ്ധക്യകാല പെൻഷൻ.
6. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം
7. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം
8. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം
9. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡും തുടർവിദ്യാഭ്യാസത്തിന് ധനസഹായം
10. കുടുംബസംവിധാന പദ്ധതി
11. മാരകരോഗ ചികിത്സാ പദ്ധതി
12. ചെയർമാൻ റിലീഫ് പദ്ധതി
13. നേത്രജ്യോതി പദ്ധതി
14. ബോർഡിന്റെ പ്രത്യേക ധനസഹായം
15. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായപദ്ധതി
16. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനപദ്ധതി
17. മത്സ്യത്തൊഴിലാളി ഗൈഡൻസ് പദ്ധതി
18. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി
19. ശ്രേഷ്ഠമത്സ്യത്തൊഴിലാളികൾക്ക് പുരസ്കാരം

2. <u>മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ</u>

1. സംയോജിത കടലോര മത്സ്യവികസന പദ്ധതി
2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെയുള്ള വിവിധ പദ്ധതികൾ
3. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ധനസഹായത്തോടെയുള്ള വിവിധ പദ്ധതികൾ
4. ആർ.എം.കെ. ലോൺ

LIBRARY ARCHIVES Kerala Legislative Assembly